പതിന്നാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ- 448 21/10/2016-ൽ മറുപടിക്ക്

കേന്ദ്ര സർക്കാരിന്റെ കാർഷിക നയങ്ങൾ

ചോദ്യം

ശ്രീകെ. സുരേഷ് കുറുപ്പ്
ശ്രീ.കെ.വി. അബ്ദുൾ ഖാദർ
ശ്രീ.കെ. ബാബു
ശ്രീ.ജോർജ്ജ് എം.തോമസ്

ഉത്തരം

ശ്രീ. വി.എസ് .സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) കേന്ദ്ര സർക്കാരിന്റെ നയങ്ങൾ സംസ്ഥാനത്തെ കാർഷിക മേഖലയിൽ ഏതു തരത്തിലുള്ള പ്രത്യാഘാതമാണ് ഉണ്ടാക്കിയിരിക്കുന്നതെന്ന് അറിയിക്കാമോ; | എ) | 2015-16 സാമ്പത്തിക വർഷം മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്ര വിഹിത അനുപാതത്തിൽ വരുത്തിയിട്ടുള്ള കുറവും ആർ.കെ.വി.വൈ പദ്ധതിയ്ക്ക് ബഡ്ജറ്റ് വിഹിതത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് വരുത്തിയിട്ടുള്ള കുറവും കാർഷിക അനുബന്ധ മേഖലകളുടെ വികസനം ലക്ഷ്യമാക്കി നടപ്പിലാക്കിവരുന്ന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് തടസ്സ മായിട്ടുണ്ട്.<br>കേന്ദ്ര സർക്കാരിന്റെ വിദേശ വ്യാപാര നയങ്ങൾ കാർഷിക മേഖലയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്<br>(വിശദീകരണ കുറിപ്പ് കണ്ടാലും) |
| ബി) കാർഷിക മേഖലയ്ക്ക് ബഡ്ജറ്റ് വിഹിതം കുറച്ചതും ഉൽപാദന ചെലവിന്റെ അടിസ്ഥാനത്തിൽ താങ്ങുവില പ്രഖ്യാപിക്കാൻ തയ്യാറല്ലെന്ന നിലപാടും കർഷകരെ കടക്കെണിയിലാക്കിയിരിക്കുന്നതി നാൽ അവ തിരുത്താൻ നടപടി യെടുക്കണമെന്ന് കേന്ദ്രസർക്കാരി നോട് ആവശ്യപ്പെടുമോ; | ബി | സംസ്ഥാനത്തെ കാർഷിക വിളകളിൽ നെല്ലിനും കൊപ്രക്കുമാണ് കേന്ദ്ര സർക്കാർ താങ്ങുവില പ്രഖ്യാപിക്കുന്നത്. ഉത്പാദന ച്ചെലവിന്റെ അടിസ്ഥാനത്തിൽ നെല്ല്, കൊപ്ര, പച്ചനാളികേരം എന്നിവയ്ക്ക് നൽകുന്ന താങ്ങുവില വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ കേന്ദ്ര സർക്കാരിന് സമർപ്പി |

| | | |
|---|---|---|
| | | ക്കുന്നതാണ്. ആർ.കെ.വി.വൈ പദ്ധതിക്ക് കൂടുതൽ കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിനുള്ള ശുപാർശയും സംസ്ഥാന സർക്കാർ മുഖേന കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.<br>(വിശദീകരണക്കുറിപ്പ് കണ്ടാലും) |
| സ) അന്താരാഷ്ട്ര വിപണിയിലെ ചാഞ്ചാട്ടങ്ങൾ വഴി കൂടുതൽ പാപ്പരാക്കപ്പെടുന്ന ദരിദ്ര കർഷകരെ സംരക്ഷിക്കുവാൻ എന്തെങ്കിലും പദ്ധതിയുണ്ടോ? | സി) | കാർഷിക മേഖലയിലെ ഉത്പാദനം വർദ്ധിപ്പിച്ച് അതിലൂടെ കർഷകരുടെ ക്ഷേമവും സംരക്ഷണവും ഉറപ്പ് വരുത്തുന്നതിന് സഹായകരമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് സംസ്ഥാന പദ്ധതികൾക്കായി 406.61 കോടി രൂപയും കേന്ദ്ര പദ്ധതികൾക്കായി 358.85 കോടി രൂപയും നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനുപരിയായി പദ്ധതിയിതര ഇനത്തിൽ ഉൾപ്പെടുത്തി കർഷക പെൻഷൻ, സൗജന്യ വൈദ്യുതി, ഉത്പാദന ബോണസ്സ് എന്നിവ കർഷകർക്ക് ലഭ്യമാക്കുന്നതിന് 660.38 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ തനത് കാർഷിക വിഭവങ്ങളുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളുണ്ടാക്കി അന്താരാഷ്ട്ര വിപണിയിൽ എത്തിക്കത്തക്ക വിധം value addition മേഖലയെ ശക്തിപ്പെടുത്തുക വഴി കാർഷിക മേഖലയിൽ |

| | | |
|---|---|---|
| | | സ്വയം പര്യാപ്തതയുണ്ടാക്കുക, മൂല്യവർദ്ധിത ഉദ്പാദന രംഗത്തുണ്ടാകുന്ന ലാഭത്തിൽ കർഷകർക്ക് കൂടി ന്യായമായ പങ്കാളിത്തം ലഭ്യമാകത്തക്ക വിധത്തിലുള്ള നയം നടപ്പാക്കുക തുടങ്ങിയ പരിപാടികൾ സർക്കാർ ആവിഷ്കരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ